ഭൂരഹിതർക്ക് ഭൂമി

163(3043) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ ഇനിയും ഭൂമി നൽകാനുള്ള എത്ര കുടുംബങ്ങൾ ഉണ്ട് ; അസംബ്ലി മണ്ഡലം അടിസ്ഥാനത്തിൽ വിശദമാക്കുമോ ?

ഉത്തരം

പാലക്കാട് ജില്ലയിൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലേക്ക് ലഭ്യമായ 28,524 അപേക്ഷകളിൽനിന്നും 23,874 ഭൂരഹിത കുടുംബങ്ങളെ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിരുന്നു. ആയതിനാൽ 2,114 പേർക്ക് ഒന്നാംഘട്ടമായി പട്ടയം അനുവദിച്ചിരുന്നു. ബാക്കി വരുന്ന 21,760 പേർക്ക് ഭൂമി അനുവദിക്കേണ്ടതായിട്ടുണ്ട്. അസംബ്ലി മണ്ഡലം തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ.	അസംബ്ലി മണ്ഡലം	ഭൂമി ലഭിക്കേണ്ട കുടുംബങ്ങളുടെ എണ്ണം
1.	മണ്ണാർക്കാട്	2,432
2.	തരൂർ	1,759
3.	ആലത്തൂർ	1,632
4.	തൃത്താല	840
5.	പട്ടാമ്പി	1,161
6.	ഷൊർണ്ണൂർ	711
7.	ഒറ്റപ്പാലം	1,887
8.	ചിറ്റൂർ	2,152
9.	നെന്മാറ	2,497
10.	കോങ്ങാട്	1,326
11.	മലമ്പുഴ	1,703
12.	പാലക്കാട്	3,660
	ആകെ	21,760

LIBRARY ARCHIVES Kerala Legislative Assembly